ശ്രീ. എ. എ. അസ്സീസ് : സർ, സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കുന്ന ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസ്സീസ് സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, ശബരിമലയുടെ കവാടമെന്നറിയുന്നത് എരുമേലി പ്രദേശമാണ്. എരുമേലി പ്രദേശം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. കേരളത്തിലെ മതമൈത്രിയുടെ ഈറ്റില്ലമെന്നറിയപ്പെടുന്ന പ്രദേശമാണ് ഇത്. ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർ ശബരിമലയിൽ എരുമേലിയിലൂടെ പേട്ടതുള്ളൽ നടത്താറുണ്ട്. പേട്ടതുള്ളുന്ന അയ്യപ്പഭക്തൻമാർ ആദ്യം കൊച്ചമ്പലത്തിലും പിന്നീട് മുസ്ലീം വാവർ പള്ളിയിലും നേർച്ചകളർപ്പിച്ചതിനുശേഷം വിലയമ്പലത്തിൽ ചെന്നാണ് പേട്ട തുള്ളൽ അവസാനിപ്പിക്കുന്നത്. ഇങ്ങനെയുള്ള അഭൂതപൂർവ്വമായ ഒരു ചടങ്ങ് ലോകത്തിന്റെ മറ്റൊരു ഭാഗത്തുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഈ പേട്ട തുള്ളൽ കടന്നു പോകുന്നത് എരുമേലി ടൗണിന്റെ ഹൃദയ ഭാഗത്തുള്ള സ്റ്റേറ്റ് ഹൈവേയിലൂടെയാണ്. ഈ ഹൈവേ ഏതാണ്ട് 150 കിലോമീറ്ററോളം ദൈർഘ്യമുള്ളതാണ്. ഈ സ്ഥലത്തുകൂടെ സീസൺ സമയമായ നവംബർ മാസം ഒന്നാം തീയതി മുതൽ ജനുവരി പകുതിവരെ ലക്ഷക്കണക്കിന് അയ്യപ്പ ഭക്തൻമാരാണ് കൂട്ടം കൂട്ടമായി പേട്ട തുള്ളൽ എന്ന പുണ്യ ചടങ്ങ് നടത്തുന്നത്. ഈ ചടങ്ങ് നടക്കുമ്പോൾ വാഹനങ്ങൾ അതുവഴി പോകാതെ മറ്റു വഴിയിൽക്കൂടി പോകാൻ ബുദ്ധിമുട്ടുണ്ട്. വാഹന ഗതാഗതം വർദ്ധിച്ചു വരുന്നതുകൊണ്ട് പേട്ട തുള്ളുന്ന അയ്യപ്പ ഭക്തൻമാർക്ക് അവരുടെ ജീവൻ പണയംവച്ചു മാത്രമേ ഈ പുണ്യകർമ്മം നിർവഹിക്കാൻ കഴിയുന്നുള്ളു. അനേക വർഷങ്ങളായി ഇവിടെ പലപല വാഹനാപകടങ്ങളുണ്ടായിട്ടും ഈ റോഡ് പൂർണ്ണമായി വാഹനവിമുക്തമാക്കിയിട്ടില്ല. അതുകൊണ്ട് ഈ റോഡ് പൂർണ്ണമായും വാഹനവിമുക്തമാക്കി ഇതൊരു Holy Path-ആയി പ്രഖ്യാപിക്കണമെന്ന് നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ പല കാരണങ്ങൾകൊണ്ട് ഇതുവരെ Holy Path-ആയി പ്രഖ്യാപിക്കാനുള്ള സാഹചര്യമുണ്ടായിട്ടില്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾകൊണ്ട് അധികൃതരുടെ ബുദ്ധിപരമായ ഇടപെടലുകൾ കാരണം വലിയ സംഘർഷമൊഴിവാക്കാനുള്ള സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇന്നും ആ നില ഗുരുതരമായി തുടരുകയാണ്. ഇനിയും ആ നില തുടരുകയാണെങ്കിൽ വളരെ അപകടകരമായ സാഹചര്യങ്ങളുണ്ടാകുമെന്ന് ഞാൻ ഭയപ്പെടുകയാണ്. അതുകൊണ്ട് ഇതു പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിനുള്ള ഏക പോംവഴിയെന്നു പറയുന്നത് അവിടെയുള്ള ബൈപ്പാസ് റോഡുകളെല്ലാം നന്നാക്കുക, ഒലിച്ചുപോയ ഓരിങ്കൽകടവ് പാലം ഉടനടി പുനർനിർമ്മാണം നടത്തുക അതുപോലെതന്നെ വാവർ പള്ളിയുടെ പാർക്കിംഗ് ഗ്രൗണ്ടിലേയ്ക്ക് ടി.ബി റോഡിൽനിന്നും തോടിനു കുറുകെ ഒരു ചെറിയ പാലം നിർമ്മിച്ച് വാഹന ഗതാഗതം സുഗമമാക്കുക എന്നിങ്ങനെയുള്ള അടിയന്തിര നടപടികളാണ്. പ്രത്യേകിച്ച് സീസൺ കാലത്ത് അയ്യപ്പ ഭക്തൻമാർ അനുഭവിക്കുന്ന യാതനകൾ വളരെ കൂടുതലാണ്. ഗതാഗതം, ശുചിത്വം, വോൾട്ടേജില്ലായ്മ, ട്രാൻസ്പോർട്ട് ബസ്സിന്റെ പ്രശ്നങ്ങൾ ഇതൊക്കെകൊണ്ട് അവിടെ വലിയ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. കഴിഞ്ഞ സീസൺ കാലത്ത് ട്രാൻസ്പോർട്ട് ബസ്സ് നിർത്താത്തതിനെത്തുടർന്ന് പല സമരങ്ങളുണ്ടാകുകയും പിന്നീട് അത് കഷ്ടിച്ച് പുനഃസ്ഥാപിച്ചെങ്കിലും അതിന്റെ ഭാഗമായി തദ്ദേശവാസികൾക്കെതിരായി അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ആളുകൾക്കെതിരായി പല കേസുകളും വന്നുകൊണ്ടിരിക്കുകയാണ്. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ അവിടെ ഒരു സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കാനുള്ള നോട്ടീസുവരെ അടിച്ചെങ്കിലും ആ സബ്സ്റ്റേഷന്റെ പണി പൂർത്തിയാകാതിരിക്കുകയാണ്. മണ്ണാർകുളഞ്ഞി - പമ്പ റോഡിനുവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഒരു സ്പെഷ്യൽ ഫണ്ട് അനുവദിച്ചതുപോലെ ഏരുമേലിയുടെ വികസനത്തിനു വേണ്ടി ഒരു പ്രത്യേക സമിതി രൂപീകരിക്കുകയും 10 കോടി രൂപയെങ്കിലും ഏറ്റവും ചുരുങ്ങിയത് അനുവദിച്ച് ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്യണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. ശ്രീ.ജോർജ്ജ് ജെ. മാത്യു സൂചിപ്പിച്ച കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ശബരിമലയിലേയ്ക്ക് തീർത്ഥാടന പ്രവാഹം. ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. ശബരിമല തീർത്ഥാടകരുടെ വർദ്ധനവിനനുസൃതമായി എരുമേലിയിലേയ്ക്കും ധാരാളം ഭക്തജനങ്ങൾ വന്നുപോകുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എരുമേലിക്ക് മറ്റൊരു പ്രാധാന്യംകൂടിയുണ്ട്. ലോകമെങ്ങും മതങ്ങളുടേ പേരിൽ സംഘർഷം നടന്നുകൊണ്ടിരിക്കുകയാണ്. അശാന്തിയുടേയും അസ്വസ്ഥതയുടേയും തീരങ്ങളിലേയ്ക്ക് മനുഷ്യർ നീങ്ങുന്ന ഈ സന്ദർഭത്തിൽ ഇൻഡ്യാ മഹാരാജ്യത്ത് കേരളത്തിന്റെ തെക്കേയറ്റത്ത് എരുമേലി എന്ന ഗ്രാമത്തിൽ ശബരിമലയിലേയ്ക്ക് പോകാൻ വരുന്ന ഭക്ത ജനങ്ങൾ എത്തി ഒരു അമ്പലത്തിൽ കയറി തൊഴുത് വാവരുപള്ളിയെന്ന മുസ്ളീം ദേവാലയത്തിൽ പ്രദക്ഷിണം വച്ച് എരുമേലിയിലെ വലിയ അമ്പലത്തിൽ ചെന്നു തൊഴുത് ശബരിമലയിലേയ്ക്ക് നീങ്ങുന്ന അത്യപൂർവ്വമായ കാഴ്ച കാണാം. അതിനെ യഥാർത്ഥത്തിൽ നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. അവിടെ വന്നുപോകുന്ന തീർത്ഥാടകർക്ക് എല്ലാവിധ

10.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിനും അദ്ദേഹം സൂചിപ്പിച്ചതുപോലെ ഒരു ഹോളി പാത്ത് ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റേയും ആഗ്രഹം. വരുന്ന 31-ാം തീയതി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ചർച്ചകൾ വച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശബരിമല തീർത്ഥാടനവും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും നിരന്തരമായ ശ്രമങ്ങൾ നടക്കുന്നതുകൊണ്ടും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതുകൊണ്ടും ഈ മന്ത്രിസഭയിലെ മറ്റ് മന്ത്രിമാരുടെയെല്ലാം ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉള്ളതുകൊണ്ടും ഒരുപാട് കാര്യങ്ങൾ നടന്നുവരുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ് ആദ്യമായി എരുമേലിക്കു മാത്രമായി പ്രത്യേകമായി അവലോകന യോഗങ്ങൾ ചേരുന്നത്. കഴിഞ്ഞ മൂന്നു വർഷമായി എരുമേലിയുടെ തീർത്ഥാടന സൗകര്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ എന്റെ നേതൃത്വത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ സംഘടിപ്പിച്ചുകൊണ്ട് എം.എൽ.എ., എം.പി., തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, കോട്ടയം ജില്ലാ കളക്ടർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അവലോകന യോഗങ്ങൾ നടത്താറുണ്ട്. അതിന്റെ ഫലമായി അവിടെ വന്നു ചേരുന്ന ഭക്തജനങ്ങൾക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കഴിഞ്ഞുവെന്ന് ഞാൻ പറയുന്നില്ല.അതിന് സമയമെടുക്കും. തീർച്ചയായും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. യാത്രാ സൗകര്യം, വാഹന സൗകര്യം, വെള്ളം, വൈദ്യുതി തുടങ്ങിയുള്ള കാര്യങ്ങളിൽ കുറെയൊക്കെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ യോഗം വിളിച്ചുകൂട്ടുന്ന സന്ദർഭങ്ങളിൽ ജമാ അത്ത് കമ്മിറ്റിയുടെ ഭാരവാഹികൾ, അയ്യപ്പ സേവാസംഘത്തിന്റെ ഭാരവാഹികൾ എന്നിവർ സംബന്ധിക്കാറുണ്ട്. ആ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണങ്ങൾ എരുമേലിയുടെ വികസനത്തിന് ലഭിക്കുന്നുണ്ട്. പ്രത്യേകമായി ഫണ്ട് ഏർപ്പെടുത്തുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും ആലോചിച്ച് തീരുമാനമെടുക്കും. ഈ ഗവൺമെന്റ് എരുമേലിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. എരുമേലിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് ഗവൺമെന്റ് നേരിട്ടുതന്നെ എരുമേലിയിൽവച്ച് കഴിഞ്ഞ മൂന്നു വർഷമായി തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ആലോചനാ യോഗങ്ങൾ നടത്തുന്നതും അതിനനുസരിച്ച് അവിടെ ചില വികസന പ്രവർത്തനങ്ങൾ നടത്തുന്നതും. മുമ്പ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിളക്ക് സമയത്തും മണ്ഡലപൂജാ സമയത്തുമാണ് ഒരുപാട് ആളുകൾ എരുമേലിയിൽ വന്നുകൊണ്ടിരുന്നത്. ഇപ്പോൾ എല്ലാ മാസവും നട തുറക്കുന്ന ദിവസങ്ങളിൽ അതുവഴിയുള്ള തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവരുന്നു. അങ്ങനെ എരുമേലിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാധാന്യം വീണ്ടും വർദ്ധിച്ചുവരുന്നു. ഒരു കാപഠ്യവുമില്ലാത്ത മതസൗഹാർദ്ദം നിലനിൽക്കുന്നുവെന്നുള്ള നിലയിൽ എരുമേലിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധപതിപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 31-ാം തീയതി കൂടുന്ന യോഗത്തിൽ പ്രത്യേകമായ തീരുമാനം പ്രഖ്യാപിക്കുമെന്ന് പറയുന്നില്ല, എരുമേലിക്ക് പ്രത്യേകമായ പ്രാധാന്യം കൊടുക്കുന്നതാണെന്ന് ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. ജോർജ്ജ് ജെ. മാത്യു: ഹോളി പാത്തിന്റെ കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടിയെടുക്കുമെന്ന് പറഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. എരുമേലിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി ഒരു വികസന അതോറിറ്റി രൂപീകരിച്ച് വേണ്ടത്ര പണം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എരുമേലിക്കു മാത്രമായി അങ്ങ് സൂചിപ്പിച്ച വികസന അതോറിറ്റിയുടെ കാര്യത്തെ സംബന്ധിച്ച് ആലോചിച്ചു മാത്രമേ പറയാൻ കഴിയുകയുള്ളൂ. അതു സംബന്ധിച്ച് ആലോചിക്കുന്നതാണ്.

(2) സംസ്ഥാനത്തെ സമാന്തര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ പാരലൽ വിദ്യാഭ്യാസ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് എനിക്ക് അങ്ങയുടേയും സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധക്ഷണിക്കാനുള്ളത്. നമ്മുടെ കേരളത്തിൽ പത്തു ലക്ഷത്തോളം വരുന്ന വിവിധ തലങ്ങളിലുള്ള വിദ്യാർത്ഥികളുടേയും അര ലക്ഷത്തോളം വരുന്ന അധ്യാപകരുടേയും അതിനോടനുബന്ധിച്ച് തൊഴിലെടുക്കുന്ന കുറെ ആളുകളുടേയും പ്രശ്നങ്ങൾ ഇന്ന് വളരെ രൂക്ഷമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അഭ്യസ്തവിദ്യരായിട്ടുള്ള തൊഴിൽരഹിതർ ഏറ്റവും കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായിട്ടാണ് പാരലൽ വിദ്യാഭ്യാസ മേഖല നമ്മുടെ കേരളത്തിൽ വളർന്നുവന്നത്. ഒരു സമാന്തര വിദ്യാഭ്യാസ രീതിതന്നെ വളർന്നുവരികയുണ്ടായി. മാത്രമല്ല ഈ സ്ഥാപനങ്ങൾ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്താനും അതോടൊപ്പംതന്നെ നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തിലേയ്ക്ക് കൈപിടിച്ചുയർത്താനും സഹായകരമായിട്ടുണ്ട്. എസ്.എസ്.എൽ.സി. പരാജയപ്പെട്ട ഏകദേശം ഒന്നര ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു അനുഗ്രഹമാണ്. എസ്.എസ്.എൽ.സി. പാസ്സായി ഹയർ സെക്കണ്ടറിക്കോ പ്ളസ്വണ്ണിനോ അഡമിഷൻ കിട്ടാതെ വരുന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly